## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**2151**

05-12-2018 ൽ മറുപടിയ്ക്ക്

## കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അടൂർ പ്രകാശ്** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | എ) കോന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനം നടന്നു വരുന്നു. |
| ബി) വനം വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നതിന് യൂസർ ഏജൻസി യായ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | ബി) യൂസർ ഏജൻസി എന്ന നിലയിൽ സ്ഥലം വകുപ്പിന് ലഭിക്കുന്നതിനായി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കി നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| സി) ആയതിലേക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടും അനുബന്ധ രേഖകളും പി.ഡബ്ല്യൂ.ഡി.യിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ, ആയതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്നാണ് നടപടി സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;<br>ഡി) ആയത് ലഭിച്ചിട്ടില്ലെങ്കിൽ അവ വാങ്ങി നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | സി) & ഡി) സ്റ്റേഷൻ കെട്ടിടത്തിന്റെ ഫ്ളോർ പ്ലാനുകൾ മാത്രം പൊതുമരാമത്ത് അധികൃതരിൽ നിന്നും വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.<br>പ്രസ്തുത പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല. |

Deepak

സെക്ഷൻ ഓഫീസർ